Break the chain

വനിത
ശിശുവികസന
വകുപ്പ്

150 വർഷം
മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

(**ഹാജർ**: ശ്രീമതി ബിന്ദു ഗോപിനാഥ്, വനിതാ ശിശു വികസന ഡയറക്ടർ ഇൻ ചാർജ്)

വിഷയം: വനിത ശിശു വികസന വകുപ്പ് - ICPS - ജില്ലകളിലെ ഗവ. ചിൽഡ്രൻസ് ഹോം സ്ഥാപനങ്ങളിലേക്ക് 2021-22 സാമ്പത്തിക വർഷത്തെ ആവശ്യമായ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: കൊല്ലം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ ജില്ലാ ഹോം സൂപ്രണ്ട്മാരുടെ റിപ്പോർട്ടുകൾ.

## ഉത്തരവ് നമ്പർ : ICPS-4(A)/1567/21 തീയതി :19.01.2022

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയവും വനിത-ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ഗവ. ചിൽഡ്രൻസ് ഹോം, ഗവ.ഒബ്സർവേഷൻ ഹോം എന്നിവ പ്രവർത്തിച്ച് വരുന്നു.നടപ്പ് സാമ്പത്തിക വർഷം ടി സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി മേൽ പരാമർശ പ്രകാരം ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെ ചേർക്കുന്ന പട്ടിക പ്രകാരം കൊല്ലം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ ഗവ. ചിൽഡ്രൻസ് ഹോമുകളിലെ 2021-22 സാമ്പത്തിക വർഷത്തെ ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് അടുത്ത ഗഡുവായി സ്ഥാപന സൂപ്രണ്ടുമാർ ആവശ്യപ്പെട്ട ആകെ **4,72,000/- രൂപ (നാല് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | District | Organisation | Maintenance | Contigency | Transportation | Electricity & water | Total |
|---|---|---|---|---|---|---|---|
| 1 | Kollam | Childrens Home | | 20,000 | | 50,000 | 70,000 |
| 2 | Malappuram | Childrens Home Boys | 2,00,000 | 10,000 | 10,000 | 50,000 | 2,70,000 |
| 3 | Kannur | Childrens Home Boys | 1,20,000 | 12,000 | | | 1,32,000 |
| | | Total | 3,20,000 | 42,000 | 10,000 | 1,00,000 | **4,72,000** |

ടി തുക **4,72,000/- രൂപ (നാല് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം)** ICPS-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P)യിൽ നിന്നും അതാതു ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതും, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ബന്ധപ്പെട്ട സൂപ്രണ്ടുമാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതുമാണ്. ICPS ഗൈഡ് ലൈൻ പ്രകാരം ടി തുക ജെ.ജെ.സ്ഥാപനങ്ങളുടെ Institutional Care എന്ന Component-ൽ ഉൾപ്പെടുത്താവുന്നതാണ് തുകയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന

വിഹിതവുമാണ്.കൂടാതെ നടപ്പ് സാമ്പത്തിക വർഷം ഹോമുകളുടെ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചു നൽകിയതിന്റെ വിശദമായ എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ സ്ഥാപന സൂപ്രണ്ടുമാർ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ&
മെമ്പർ സെക്രട്ടറി,SCPS

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്:
1. സൂപ്രണ്ട് A സെക്ഷൻ (അല്ലോട്മെന്റ് നൽകുന്നതിനായി)
2. ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്കും
3. ICPS -4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്